**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 3232**

**29.01.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ - വ്യത്യസ്ത പലിശ നിരക്കുകൾ

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി
ശ്രീ. എ. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വിദ്യാഭ്യാസ വായ്പക്ക് വിവിധ ബാങ്കുകൾ വ്യത്യസ്തമായ പലിശ നിരക്കുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പലിശനിരക്കുകൾ ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കാമോ ; | (ബി) റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നയപ്രകാരം വിവിധ വായ്പകൾക്കുള്ള പലിശ നിശ്ചയിക്കാനുള്ള അധികാരം അതാതു ബാങ്കുകൾക്കാണ്. എങ്കിലും വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് ഏകീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(-------2)

| | |
|---|---|
| (സി) വിദ്യാഭ്യാസ വായ്പയെടുത്ത കുട്ടി അപകടത്തിലോ മറ്റോ മരിച്ചാൽ വായ്പ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കാമോ ? | (സി) വിദ്യാഭ്യാസ വായ്പയെടുത്ത കുട്ടി മരണപ്പെട്ടാൽ വായ്പ എഴുതിത്തള്ളാനുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ അത്തരം കേസുകൾ മാനുഷിക പരിഗണന വച്ചുകൊണ്ട് അതാതു ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് അനുഭാവപൂർവ്വം പരിഗണിച്ച് കഴിയുന്നത്ര സഹായം ചെയ്യണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ വിദ്യാഭ്യാസ വായ്പ എടുക്കുന്ന കുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ അതാതു ബാങ്കുകൾ മുൻകൈ എടുക്കണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്കുകൾക്ക് ഉപദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ